# പതിമൂന്നാം കേരള നിയമസഭ

## പതിന്നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5207** **27.07.2015-ന് മറുപടിയ്ക്ക്**

**റവന്യൂ ഓഫീസുകളിൽ നിന്നും സർട്ടിഫിക്കറ്റുകൾ വേഗത്തിൽ ലഭ്യമാക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ. മാധവൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ടി.എൻ. പ്രതാപൻ<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ ഓഫീസുകളിൽ നിന്നും സർട്ടിഫിക്കറ്റുകൾ വേഗത്തിൽ ലഭ്യമാക്കാൻ എന്തെല്ലാം പദ്ധതി കളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) റവന്യൂ ഓഫീസുകളിൽ നിന്നും സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് 'ഇ-ഡിസ്ട്രിക്റ്റ്' പദ്ധതി. ഏതു സമയത്തും, എവിടെനിന്നു വേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുകയും ലഭ്യമാകുകയും ചെയ്യുന്ന സംവിധാനമാണ് ഇ-ഡിസ്ട്രിക്റ്റ് പദ്ധതിയിലൂടെ നടപ്പാക്കിവരുന്നത്. ഓൺലൈൻ ആയി വില്ലേജ് ഓഫീസർക്ക് എത്തുന്ന അപേക്ഷകൾ പരിശോധ നകൾക്ക് ശേഷം ഡിജിറ്റൽ ഒപ്പോടുകൂടി നൽകുന്നതിനാൽ ഭാവിയിൽ എപ്പോൾ വേണമെങ്കിലും തൽക്ഷണം പ്രസ്തുത സർട്ടിഫി ക്കറ്റുകൾ നൽകുവാൻ സാധിക്കു ന്നതാണ്. സംസ്ഥാനത്തെ വില്ലേജ് ഓഫീസ്/താലൂക്ക് ഓഫീസുകളിൽ നിന്നും നൽകി വരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ 'ഇ-ഡിസ്ട്രിക്റ്റ്' പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/ തഹസിൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈൻ ആയി നൽകി വരുന്നു. പൊതുജന സൗകര്യാർത്ഥം വില്ലേജ്/ താലൂക്ക് ഓഫീസുകൾക്കൊപ്പം അക്ഷയ കേന്ദ്രങ്ങൾ മുഖേനയും റവന്യൂ വകുപ്പ് നൽകി വരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകി വരുന്നുണ്ട്. |

| | | |
|---|---|---|
| (ബി) | ആരുടെയെല്ലാം സഹകരണത്തോ ടെയാണ് ഇവ നടപ്പാക്കുന്നത്; | (ബി) റവന്യൂ വകുപ്പിലെ ഐ.റ്റി. സെല്ലുകൾ കൂടാതെ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ, നാഷണൽ ഇൻഫർ മാറ്റിക്സ് സെന്റർ (എൻ.ഐ.സി), അക്ഷയ സെന്ററുകൾ എന്നീ ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്.. |
| (സി) | ഇത് നടപ്പിൽ വരുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (സി) ഇ-ഡിസ്ട്രിക്റ്റ് പദ്ധതി നടപ്പിലാക്കു ന്നതുമായി ബന്ധപ്പെട്ട് സംസ്ഥാ നത്തെ എല്ലാ വില്ലേജ് ഓഫീസർ മാർക്കും ലാപ്ടോപ്പുകൾ/ പേഴ്സണൽ കമ്പ്യൂട്ടറുകൾ എന്നിവ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ വഴി നൽകിക്കഴിഞ്ഞിട്ടുണ്ട്.<br>'ഇ-ഡിസ്ട്രിക്റ്റ്' പദ്ധതി ഉപയോ ഗിക്കുന്ന എല്ലാ വില്ലേജ് ഓഫീസർമാർക്കും സ്പെഷ്യൽ വില്ലേജ് ഓഫീസർമാർക്കും തഹസീൽദാർമാർക്കും മറ്റ് ഉദ്യോഗ സ്ഥർക്കും മതിയായ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ, എന്തെ ങ്കിലും സാങ്കേതിക തടസ്സമുണ്ടാ യാൽ പരിഹരിക്കുന്നതിനും ആവശ്യ മായ പരിശീലനം നൽകുന്നതിനും എല്ലാ താലൂക്കുകളിലും ഹാൻഡ് ഹോൾഡിംഗ് സ്റ്റാഫിനെയും കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ വഴി നിയമിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്ത ലഘുലേഖകൾ വഴിയും, വിവിധ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളി ലൂടെയും ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്. |

Vatsala S

**സെക്ഷൻ ഓഫീസർ.**